## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.231** **07.08.2017-ൽ മറുപടിക്ക്**

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സമരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ശമ്പള വർദ്ധനവ് ആവശ്യപ്പെട്ട് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ 22 ദിവസം നടത്തിയ സമരം ഒത്തു തീർപ്പാക്കിയ കരാറിലെ വ്യവസ്ഥകളെന്തൊക്കെയാണ്; | (എ)<br>1. 50 കിടക്ക വരെയുള്ള സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം 20,000/- രൂപയായി നിശ്ചയിക്കുന്നതാണ്.<br>2. 50 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം നിർണ്ണയിക്കാൻ സർക്കാർ ഒരു സമിതിയെ നിയോഗിക്കും.<br>3. നഴ്സിംഗ് ട്രെയിനിമാരുടെ സ്റ്റൈപ്പന്റ് കാലോചിതമായി വർദ്ധിപ്പിക്കും, ട്രെയിനിംഗ് കാലാവധി സംബന്ധിച്ച കാര്യവും, സ്റ്റൈപ്പന്റ് പുതുക്കി നിശ്ചയിക്കുന്ന കാര്യവും സമിതിയുടെ പരിഗണനയ്ക്ക് വിടുന്നതായിരിക്കും.<br>4. ഇക്കാര്യങ്ങൾ പരിശോധിക്കാനും ശുപാർശ സമർപ്പിക്കാനുമായി തൊഴിൽ-ആരോഗ്യ-നിയമ സെക്രട്ടറിമാരും ലേബർ കമ്മീഷണറും അംഗങ്ങളായി ഒരു സമിതിയെ സർക്കാർ നിയോഗിക്കും. ഒരു മാസത്തിനകം സർക്കാർ റിപ്പോർട്ട് സമർപ്പിക്കണം.<br>5. മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുള്ള അധികാരം മിനിമം വേജസ് കമ്മിറ്റിക്കാണ്. സർക്കാർ നിയോഗിക്കുന്ന സമിതിയുടെ നിർദ്ദേശങ്ങൾ മിനിമം വേജസ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കും.<br>6. സമരത്തിന്റെ പേരിൽ മാനേജ്മെന്റുകൾ പ്രതികാര നടപടികൾ സ്വീകരിക്കില്ല. സമരം അവസാനിപ്പിക്കുകയും ജീവനക്കാർ ആശുപത്രി പ്രവർത്തനങ്ങളിൽ പൂർണ്ണമായി സഹകരിക്കുകയും ചെയ്യും. |

| | | | |
|---|---|---|---|
| (ബി) | നഴ്സുമാരുടെ ശമ്പളവർദ്ധനവ് പരിഗണിച്ച സുപ്രീംകോടതി ഉത്തരവിൽ തുല്യ ജോലിക്ക് തുല്യ ശമ്പളം നൽകണമെന്നും ഇതു സംബന്ധിച്ച് പഠിക്കുവാൻ നിയോഗിച്ച സമിതിയുടെ ശിപാർശ കൾ നടപ്പിലാക്കണമെന്നും ഉത്തരവായിട്ടുണ്ടോ; എങ്കി ഈ വിധിക്കനുസൃതമായിട്ടാണോ സമരം ഒത്തുതീർക്കുന്നതിനുള്ള കരാറി ലെത്തിയത്; | (ബി) | ഇല്ല. ബഹു. സുപ്രീം കോടതി വിധിയനുസരിച്ച് നിയോഗിച്ച കമ്മിറ്റി നിർദ്ദേശിച്ച രീതിയിൽ 50 കിടക്ക വരെയുള്ള സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം 20,000/- രൂപയായി നിശ്ചയിക്കാൻ ധാരണയായിട്ടുണ്ട്. |
| (സി) | മുഖ്യമന്ത്രി പ്രഖ്യാപിച്ച ശമ്പള വർദ്ധനവ് അംഗീകരിക്കു കയില്ലെന്ന് ഒരു വിഭാഗം സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇടപെട്ട് നഴ്സുമാർക്ക് കരാറിലെ വ്യവസ്ഥപ്രകാരമുള്ള ശമ്പളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.